**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**ഇന്ദിരാ ആവാസ് യോജന പദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4004 — 16-05-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. പി.ടി. തോമസ്**<br>**ശ്രീ. ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ. ഷാഫി പറമ്പിൽ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കും ഇതര സമുദായങ്ങളിൽപ്പെട്ടവർക്കും വീട് നിർമ്മിച്ചു നൽകിക്കൊണ്ട് ഇവരുടെ പാർപ്പിട പ്രശ്ന ത്തിന് സ്ഥിരമായ ഒരു പരിഹാരം കാണുക എന്നതാണ് ഇന്ദിര ആവാസ് യോജനയുടെ ലക്ഷ്യം. ഗുണഭോക്താക്കൾ സ്വന്തമായി 2 സെന്റ് ഭൂമി യെങ്കിലും ഉള്ളവരും വാസയോഗ്യമായ വീടില്ലാത്തവരും ആയിരിക്കണം. ഐ.എ.വൈ പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ചുമതല അതാത് ഗ്രാമസഭയ്ക്കാണ്. ഐ.എ.വൈ പദ്ധതിയിൽ അനുവദിക്കുന്ന ധനസഹായം 70,000/- രൂപയായിരുന്നു. ടി തുക കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനാൽ സംസ്ഥാന സർക്കാർ ഐ.എ.വൈ പ്രകാരമുള്ള വീടുകളുടെ യൂണിറ്റ് കോസ്റ്റ് ജനറൽ, പട്ടികജാതി വിഭാഗങ്ങൾക്ക് 70,000/-ൽ നിന്ന് രണ്ട് ലക്ഷവും, പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് 2.50 ലക്ഷം രൂപയും വർദ്ധിപ്പിച്ചുകൊണ്ട് 16-03-2012-ലെ സ.ഉ.(സാധാ) നം. 68/2012/ത.സ്വ.ഭ.വ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഐ.എ.വൈ പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ ആകെ വിസ്തീർണ്ണം 25 ച.മീറ്ററിനും 66 ച.മീറ്ററിനും ഇടയിലായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2015-16 വർഷം ഐ.എ.വൈ.യുടെ യൂണിറ്റ് കോസ്റ്റ് പട്ടികജാതി വിഭാഗങ്ങൾക്ക് 3 ലക്ഷമായും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 3.5 ലക്ഷം രൂപയായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. 01-04-2016 മുതൽ കേന്ദ്ര സർക്കാർ ഐ.എ.വൈ പദ്ധതി നിർത്തലാക്കി പ്രധാനമന്ത്രി ആവാസ് യോജന (ജി) എന്ന ഭവന പദ്ധതി നടപ്പിലാക്കിവരുന്നു |

| | | | |
|---|---|---|---|
| (ബി) | ഈ ഗവൺമെന്റിന്റെ കാലത്ത് ഈ പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തതെന്നു വെളിപ്പെടുത്തുമോ; | (ബി) | ഈ സർക്കാരിന്റെ കാലത്ത് ഇന്ദിര ആവാസ് യോജന ഭവന പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ അനുവദിച്ചിരുന്ന വീടുകളിൽ 65,277 വീടുകൾ പൂർത്തീകരിക്കാനുണ്ടായിരുന്നു. സന്നദ്ധ സംഘടനകളുടെയും, സ്കൂൾ/കോളേജ് വിദ്യാർത്ഥികളുടെയും, സ്ഥാപനങ്ങളുടെയും സഹായത്തോടുകൂടി പൂർത്തീകരിക്കാനുള്ള വീടുകൾ പൂർത്തീകരിക്കുന്നതിന് എല്ലാ ജില്ലകളിലും ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തി, 45645 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 19632 വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. |
| (സി) | ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ പണി ആരംഭിച്ചിട്ട് പൂർത്തിയാക്കാൻ കഴിയാതിരുന്നവർക്ക് എന്തെല്ലാം പരിഗണനകളാണ് നൽകിയതെന്നു വിശദീകരിക്കുമോ? | (സി) | ഇന്ദിര ആവാസ് യോജന പദ്ധതിയിൽ ഭവനം അനുവദിച്ച് പണി പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിന് സന്നദ്ധ സംഘടനകളുടെയും, സ്ഥാപനങ്ങളുടെയും, സ്കൂൾ/കോളേജ് വിദ്യാർത്ഥികളുടെയും സഹായത്തോടെ ടി വീടുകൾ എല്ലാ ജില്ലകളിലും പൂർത്തീകരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**